(ബി) സ്പെഷ്യൽ റൂൾസ് ഭേദഗതിക്കുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറായിട്ടുണ്ട്. ഭരണപരവും നിയമപരവുമായ പല നടപടിക്രമങ്ങളും പാലിക്കപ്പെടേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(സി) എ.സി.ഡി.പി.ഒ., സി.ഡി.പി.ഒ. തസ്തികകൾ സ്ത്രീകൾക്കുമാത്രമായി സംവരണം ചെയ്യുമ്പോൾ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പുരുഷജീവനക്കാർക്കു കൂടി ലഭിച്ചുകൊണ്ടിരുന്ന പ്രമോഷൻ ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയാകാത്ത തരത്തിൽ അപാകതകൾ പരിഹരിക്കുന്നതിനാണ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടെക്നിക്കൽ സ്റ്റാഫിന്റെ പ്രൊമേഷൻ ചാനൽ മിനിസ്റ്റീരിയൽ വിഭാഗം തട്ടിയെടുക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്പെഷ്യൽ റൂൾസ് ഭേദഗതിക്കുള്ള കരട് നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. യാതൊരു വിഭാഗത്തിനും പ്രത്യേക പ്രാധാന്യം നൽകാൻ ഉദ്ദേശമില്ല.

വികലാംഗർക്ക് സംവരണം

173 (1440) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വികലാംഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട സംവരണം നൽകണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 1995 മുതൽ 1998 വരെയുള്ള നിയമനങ്ങളിലെ ബാക്ക്ലോഗ് ഉണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ജി.ഒ. (പി) നം. 30/95/പി. ആന്റ് എ.ആർ.ഡി. ഉത്തരവ് അനുസരിച്ച് ഓരോ വർഷവും ഒഴിവുള്ള തസ്തികകളിൽ എത്ര വികലാംഗരെ നിയമിക്കാമെന്ന് പറഞ്ഞിട്ടുണ്ട് ; ഇതനുസരിച്ചുള്ള നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ഈ വിഭാഗക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടു നൽകിയ ഉറപ്പുകൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ സർവ്വീസിലെ ക്ലാസ് III ക്ലാസ് IV വിഭാഗം തസ്തികകളുടെ 3% വികലാംഗർക്ക് സംവരണം ചെയ്തുകൊണ്ട് ജി.ഒ. (പി) 20/98/പി. ആന്റ് എ.ആർ.ഡി. തീയതി 14-7-1998 പ്രകാരം ഉത്തരവായിട്ടുണ്ട്. ക്ലാസ്സ് I ക്ലാസ് II തസ്തികകളിൽ സംവരണം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. എത്രയും വേഗം പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ നടപടിയെടുക്കണമെന്ന് ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജി.ഒ. (പി) നം 30/95/ പി ആന്റ് എ.ആർ.ഡി. ഉത്തരവ് അനുസരിച്ച് ഓരോ വർഷവും 153 ഒഴിവുകൾ വികലാംഗർക്ക് വേണ്ടി സംവരണം ചെയ്തിരുന്നു. ഇതനുസരിച്ചുള്ള നിയമനം പൂർണ്ണമായും നടന്നിട്ടില്ല. നിയമനം പൂർണ്ണമായും നടത്താതിരുന്നത് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതു കൊണ്ടാണെന്ന് ചില ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ടി പദ്ധതി 98-ൽ പുതുക്കി ക്ലാസ്സ് III ക്ലാസ് IV തസ്തികകളിലെ 3% സംവരണം വികലാംഗർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുത്തൽ വരുത്തിയ ഉത്തരം

'വനോൽപ്പന്നങ്ങളുടെ സീനിയറേജ് റേറ്റ്'

2603 ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനോൽപ്പന്നങ്ങൾക്ക് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത് എങ്ങനെയാണ് ;

(ബി) മണൽ, പാറ, തടി എന്നിവയ്ക്ക് എന്തുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത് ;

(സി) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കേരളത്തിലെ വനങ്ങളിൽ ഏതെല്ലാം കടവുകളിൽനിന്ന് മണൽ വാരാൻ അനുമതി നൽകിയിട്ടുണ്ട് ;

(ഡി) ചോഴിയക്കോട്, ശങ്കിലിക്കടവ് എന്നിവിടങ്ങളിൽനിന്നും മണൽ വാരാൻ അനുവാദം നൽകിയത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) കേരള വനം നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് വനോൽപ്പന്നങ്ങളുടെ വിപണനം നടത്തുന്നത് ; ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ചോഴിയക്കോട്, ശങ്കിലിക്കടവ് എന്നീ കടവുകളിൽനിന്നും ശേഖരിച്ച മണൽ എത്രയെന്ന് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ;

(ജി) പ്രസ്തുത കടവുകളിൽ നിന്നും ശേഖരിച്ച മണൽ അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന കാര്യങ്ങൾക്കായിട്ടാണോ ഉപയോഗിപ്പെടുത്തിയിട്ടുള്ളത് എന്ന കാര്യം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly